ആർ.സി.എസ്/8450/2021/MT-1 സഹകരണ സംഘം രജിസ്ട്രാർ ആഫീസ്
തിരുവനന്തപുരം,തീയതി:25/03/2022

## സർക്കുലർ നമ്പർ.17/2022

വിഷയം:- സഹകരണ വകുപ്പ്- മടിക്കൈ പഞ്ചായത്ത് ലേബർ കോൺട്രാക്ട് സഹകരണസംഘം ക്ലിപ്തം നമ്പർ എസ്. 546- 'ബി' ക്ലാസ് ഓഹരി എടുക്കുന്നതിനുള്ള അനുമതി നൽകുന്നത് സംബന്ധിച്ച്.

സൂചന:-
1. സംഘം ഭരണസമിതിയുടെ 28/01/2021 ലെ 4-ാം നമ്പർ തീരുമാനം.
2. കാസറഗോഡ് ജനറൽ വിഭാഗം ജോയിന്റ് രജിസ്ട്രാറുടെ ടെ 04.10.2021-ലെ ജെ.ആർ.ജി.കെ. എസ് ഡി /586/2021 എച്ച്.എം. നമ്പർ കത്ത്.

മടിക്കൈ പഞ്ചായത്ത് ലേബർ കോൺട്രാക്ട് സഹകരണ സംഘം ക്ലിപ്തം നമ്പർ എസ്.546 സഹകരണ സംഘത്തിന് ഏറ്റെടുത്ത കരാർ പ്രവൃത്തികൾ യഥാസമയം പൂർത്തീകരിക്കുന്നതിനും പ്രവർത്തന മൂലധനം സമാഹരിക്കുന്നതിലേയ്ക്കുമായി ടി സംഘത്തിലെ "ബി" ക്ലാസ്സ് ഓഹരികൾ കാസറഗോഡ് ജില്ലയിലെ സർവ്വീസ് സഹകരണ ബാങ്കുകൾ/സഹകരണ സംഘങ്ങൾക്ക് വിതരണം ചെയ്ത് അമ്പത് ലക്ഷം രൂപ സ്വരൂപിക്കുന്നതിനുള്ള അനുവാദത്തിനായി സൂചന (1) പ്രകാരം തീരുമാനമെടുത്ത് സൂചന (2) പ്രകാരം ജോയിന്റ് രജിസ്ട്രാർ (ജനറൽ) മുഖേന അപേക്ഷിച്ചിരിക്കുന്നു. ടി സംഘത്തിന്റെ നിയമാവലി 5(2) പ്രകാരം ബി ക്ലാസ്സ് ഓഹരി സമാഹരിക്കുന്നതിനു വ്യവസ്ഥയുണ്ട്.

1969 ലെ കേരള സഹകരണ നിയമം വകുപ്പ് 57 (സി) പ്രകാരം സഹകരണ സംഘം രജിസ്ട്രാറുടെ സാമാന്യമായോ പ്രത്യേകമായോ ഉള്ള നിർദ്ദേശപ്രകാരം മറ്റേതെങ്കിലും സംഘത്തിന്റെ ഓഹരികളിലോ സെക്യൂരിറ്റികളിലോ നിക്ഷേപിക്കാവുന്നതാണെന്നു വ്യവസ്ഥ ചെയ്യുന്നു.

സൂചന (1) തീരുമാനത്തിന്റെയും സൂചന (2) റിപ്പോർട്ടിലെ ശുപാർശയുടെയും അടിസ്ഥാനത്തിൽ മടിക്കൈ പഞ്ചായത്ത് ലേബർ കോൺട്രാക്ട് സഹകരണ സംഘം ക്ലിപ്തം നമ്പർ. 546 ന് പ്രവർത്തന മൂലധനം സമാഹരിക്കുന്നതിലേയ്ക്ക് സഹകരണ സംഘം രജിസ്ട്രാറുടെ

ഭരണനിയന്ത്രണത്തിലുള്ളതും ബാങ്കിംഗ് റഗുലേഷൻ അക്ടിന്റെ പരിധിയിൽ വരാത്തതുമായ കാസറഗോഡ് ജില്ലയിലെ സർവ്വീസ് സഹകരണ ബാങ്കുകൾ/സംഘങ്ങൾ അതാത് സംഘങ്ങളുടെ പൊതുഫണ്ട് ഉപയോഗിച്ച് നിയമാവലി വ്യവസ്ഥകളുടെയും ഭരണസമിതി തീരുമാനത്തിന്റെയും അടിസ്ഥാനത്തിൽ 'ബി' ക്ലാസ് ഓഹരി എടുക്കുന്നതിന് അനുമതി നൽകുന്നു.

ഇപ്രകാരം മടിക്കൈ പഞ്ചായത്ത് ലേബർ കോൺട്രാക്ട് സഹകരണ സംഘം ക്ലിപ്തം നമ്പർ 546 ന് പ്രവർത്തനമൂലധനം സമാഹരിക്കുന്നതിലേയ്ക്കായി പിരിച്ചെടുക്കുന്ന ഓഹരിത്തുക 50 ലക്ഷം രൂപയിൽ അധികരിക്കാൻ പാടില്ലാത്തതും ഏറ്റെടുത്ത കരാർ പ്രവൃത്തികൾ യഥാസമയം പൂർത്തീകരിക്കുന്നതിനു മാത്രമേ ടി തുക വിനിയോഗിക്കാൻ പാടുള്ളൂ എന്നും നിഷ്കർഷിക്കുന്നു.

(ഒപ്പ്)
**പി.ബി നൂഹ്, ഐ.എ.എസ്**
**സഹകരണ സംഘം രജിസ്ട്രാർ**

സെക്രട്ടറി,
മടിക്കൈ പഞ്ചായത്ത് ലേബർ കോൺട്രാക്ട് സഹകരണ സംഘം ക്ലിപ്തം നമ്പർ എസ്. 546,കാസറഗോഡ് ജില്ല- 671531.

പകർപ്പ്:-1. ജോയിന്റ് രജിസ്ട്രാർ (ജനറൽ) കാസറഗോഡ്.
2.ജോയിന്റ് ഡയറക്ടർ(ആഡിറ്റ്) കാസറഗോഡ്.
3.കരുതൽ ഫയൽ
4.അധികം
✓5.ഐ.റ്റി സെക്ഷൻ
6.സഹകരണ വീഥി

ആജ്ഞാനുസരണം

അസിസ്റ്റന്റ് രജിസ്ട്രാർ (എം.റ്റി)